പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4417

17/12/2014-ൽ
മറുപടിയ്ക്ക്

## ശബരിമല ഇടത്താവളങ്ങൾ

ചോദ്യം
ശ്രീ. ആർ. രാജേഷ്

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

എ) ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ശബരിമല, പമ്പ, ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

എ) തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങളും, ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ, ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെൻററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, താമസ സൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ ബുക്കിംഗ് സൗകര്യം, വൃദ്ധർക്കും കുട്ടികൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ആയാസരഹിതമായി ദർശനം നടത്തുന്നതിനുള്ള സംവിധാനം, കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകൾ, പമ്പയിൽ പഴയ ടോയ്‌ലറ്റ് ബ്ലോക്കിന് പകരമായി പുനർനിർമ്മിച്ച രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ (ഓരോ ബ്ലോക്കിലും 84 ടോയ്‌ലറ്റ്), ശബരിമലയിൽ 120 ടോയ്‌ലറ്റുകൾ 34 കുളിമുറികൾ, മലകയറി വരുന്ന തീർത്ഥാടകർക്കും ദർശനം കഴിഞ്ഞ് മല ഇറങ്ങുന്ന തീർത്ഥാടകർക്കും സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന രീതിയിലുള്ള 48 ബയോ യൂറിനൽ യൂണിറ്റുകൾ, പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻറോഡിലും ചന്ദ്രാനന്ദൻ റോഡിലും 10 യൂണിറ്റുകളുള്ള ബയോ ടോയ്‌ലറ്റുകൾ, പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഔഷധ കുടിവെള്ള വിതരണ സംവിധാനം, ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണങ്ങൾ, നിലയ്ക്കലിൽ രണ്ട് കുഴൽകിണറുകൾ, അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ എന്നിവയും ഏർപ്പെടുത്തി. പ്രധാന വഴിപാട് ഇനങ്ങളായ അപ്പം അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തു, പമ്പയിൽ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻെറ വിപുലീകരണം, പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർലറുകളും

അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകളും സജ്ജീകരിക്കുകയും ഓക്സിജൻ പാർലറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും. അപ്പാച്ചിമേട്, നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജി സെൻററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടി ആംബുലൻസ് സർവ്വീസ്, പമ്പ ശബരിമല റൂട്ടിലും പമ്പ മുതൽ പ്ലാപ്പള്ളി വരെയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം, നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ, കാനനപാതയിൽ കൂടുതൽ ബാരിക്കേടുകൾ, പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള തുണി, എക്കൽ, തുടങ്ങിയ മാലിന്യങ്ങൾ നിക്കം ചെയ്യൽ, കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ, സന്നിധാനത്ത് പുതിയ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടികൾ, ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി പമ്പയിൽ പുതിയ ആശുപത്രി സമുച്ചയം, പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾ, ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളെല്ലാം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. എരുമേലിയിൽ നിന്നുള്ള യാത്രക്ലേശത്തിന് പരിഹാരമാകുന്ന കണമല പാലം ഡിസംബറിൽ പൂർത്തിയാകും. ശബരിമല ഇടത്താവങ്ങളിൽ തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം, അന്നദാനം, കുടിവെള്ള വിതരണം, ടോയ്‌ലറ്റ് സൗകര്യം, എന്നിവ ശബരിമല, പമ്പ, ഇടത്താവളങ്ങൾ എന്നിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | മാവേലിക്കര മണ്ഡലത്തിലെ ശബരിമല ഇടത്താവളങ്ങളിലും ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലും നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | നിലവിൽ മാവേലിക്കര മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ദേവസ്വങ്ങൾ ഒന്നുംതന്നെ ഇടത്താവളമായി പ്രവർത്തിക്കുന്നില്ല. സമീപമുള്ള ഹരിപ്പാട് ദേവസ്വം, ചെങ്ങന്നൂർ ദേവസ്വം എന്നിവ ഇടത്താവളമായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ